# പ്രസാധകക്കുറിപ്പ്

## പലവിധ സവിശേഷതകളോടെ സംവേദകന്റെ ഈ എഡിഷൻ പ്രസിദ്ധീകരിക്കുന്നു.

ഇനി മുതൽ എല്ലാ ഡിവൈസുകളിലും നിങ്ങൾക്ക് സംവേദകനെ എടുത്തു വായിക്കാം. നിങ്ങളുടെ മൊബൈൽ ഫോണുകളിലും ടാബുകളിലും സംവേദകനെ ലഭിക്കും. സംവേദകന്റെ 12–ാംഎഡിഷൻ എച്ച്. റ്റി. എം.എൽ–5 –ലേക്ക് അപ്പ് ഗ്രേഡ് ചെയ്യപ്പെട്ടു. ഇനി പ്രസിദ്ധീകരിക്കുന്ന എല്ലാ എഡിഷനുകളും എച്ച്.റ്റി.എം.**എൽ–5–ൽ** ആയിരിക്കും. പതിനൊന്നു മുൻ എഡിഷനുകളും മുറപോലെ അപ്ഗ്രേഡ് ചെയ്യും. വായനക്കാരുടെ ആഗ്രഹത്തിനും അഭിപ്രായത്തിനും മാന്യത കല്പിച്ചുകൊണ്ടു സംവേദകന്റെ ഹോംപേജിന് കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. സംവേദകൻ എടുത്തു വായിക്കുന്നതിൽ നിങ്ങളുടെ ഡിവൈസിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ അനുഭവപ്പെടുന്നുണ്ടെങ്കിൽ **samvedakan@gmail.com-ൽ** അറിയിക്കുക. നിങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശം ലഭിക്കും.

പുതുതായി ഒരു ഡിസ്ക്കഷൻ ഫോറം ആരംഭിച്ചിട്ടുണ്ട്. അതിൽ സംവേദകസ്നേഹികൾക്ക് ഗുരുവുമായി ബന്ധപ്പെട്ട ആത്മീയവിഷയങ്ങൾ അവതരിപ്പിക്കാം. മറ്റുള്ളവർക്ക് പ്രസ്തുത വിഷയത്തെക്കുറിച്ച് സ്വതന്ത്രമായ അഭിപ്രായങ്ങളും ആശയങ്ങളും രേഖപ്പെടുത്താം.

ഗുരുവിന്റെ ആശയങ്ങൾ സമൂഹത്തിൽ സമഗ്രമായി ചർച്ച ചെയ്യപ്പെടണം.. നിലവിലിരിക്കുന്ന സമ്പ്രദായങ്ങൾക്കനുസരണമായി ഗുരുവിന്റെ ആശയങ്ങളിൽ മാറ്റം വരുത്തുകയല്ല, നിലവിലുള്ള സമ്പ്രദായങ്ങളിൽ ഗുരുതത്ത്വത്തിനനുസരിച്ച മാറ്റം വരണം. യുഗാനുസൃതമായ മാറ്റം. ഗുരുവിന്റെ ആശയങ്ങൾ ജനസമൂഹത്തിൽ എത്തിച്ചാൽ മാത്രം മതിയാകും. ആ ആശയവും സ്വന്തം അനുഭവങ്ങളും മനുഷ്യമനസ്സുകളിലെ ചിന്താവിഷയങ്ങളായി മാറും. നന്മയും ഭാഗ്യവുമുള്ളവൻ സത്യം തിരിച്ചറിയും. സത്യമുള്ളവരിൽനിന്ന് ഹൃദയത്തിൽ സത്യമുള്ളവരിലേക്ക് ആ ഗുരുത്വം വ്യാപരിക്കും. അവർ  ഗുരുധർമ്മം നിലനിർത്തി ജീവിക്കാൻ തുടങ്ങും. ആ സന്തതിപരമ്പരയിൽ അനേകം സത്യാത്മാക്കൾ ജന്മമെടുക്കും. അവർ ഗുരുവിന്റെ ആശയങ്ങൾ ലോകവ്യാപകമാക്കുന്നതിൽ മുഖ്യപങ്കു വഹിക്കും.

പ്രസാധകൻ